# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 20**

---

## മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞരിൽ പ്രഫ. സാബു തോമസ് രാജ്യത്ത് രണ്ടാമത്

പ്രമുഖ രാജ്യാന്തര ശാസ്ത്ര ഗവേഷണ പോർട്ടലായ റിസർച്ച് ഡോട് കോമിന്റെ 2023ലെ റാങ്കിംഗിൽ ഇന്ത്യയിലെ മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസിന് രണ്ടാം സ്ഥാനം.

ഗവേഷകരുടെ ഡി ഇൻഡക്സിന്റെ അടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ ബംഗലുരു ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയിന്റിഫിക് റിസർച്ചിലെ വിഖ്യാത ശാസ്ത്രജ്ഞൻ ഡോ. സി.എൻ.ആർ. റാവുവാണ് ഒന്നാമത്.

റിസർച്ച് ഡോട് കോമിന്റെ 2023ലെയും 2022ലെയും മെറ്റീരിയൽ സയൻസ് ഇന്ത്യ ലീഡർ അവാർഡ് പ്രഫ. സാബു തോമസിന് ലഭിച്ചിരുന്നു. ശാസ്ത്ര ഗവേഷകരുടെ വ്യക്തിഗത സംഭാവനകളും അവയുടെ മൂല്യവുമാണ് റാങ്കിംഗിൽ പ്രധാനമായും വിലയിരുത്തുന്നത്. ഇതിനായി നിരവധി സ്ഥിതിവിവരക്കണക്കുകളും വിലയിരുത്തി.

ആഗോളതലത്തിൽ വിവിധ മേഖലകളിലെ 166,880 ശാസ്ത്രജ്ഞരെയും മെറ്റീയൽ സയൻസിൽ 17130 പേരെയുമാണ് റാങ്കിംഗിനായി പരിഗണിച്ചത്. പ്രഫ. സാബു തോമസിന്റെ എച്ച്. ഇൻഡക്സ് 133ഉം ഐ 10 ഇൻഡസ്ക് 1155ഉം സൈറ്റേഷനുകളുടെ എണ്ണം 86284ഉം ആണ്. പോളിമെർ സയൻസ്, നാനോസയൻസ്, നാനോ ടെക്നോളജി മേഖലകളിൽ നിർണായക സംഭാവനകൾ നൽകിയിട്ടുള്ള ഇദ്ദേഹം 120 പി.എച്ച്.ഡി വിദ്യാർഥികളുടെ ഗൈഡായി പ്രവർത്തിച്ചിട്ടുണ്ട്.

(പി.ആർ.ഒ/39/538/2023)

## യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജ് ഇനി എല്ലാ ജില്ലകളിലും

മുതിർന്ന പൗരന്മാർക്ക് ജീവിതത്തിൻറെ സന്തോഷകരമായ മൂന്നാം ഘട്ടമൊരുക്കുന്നതിന് ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവകലാശാല തുടക്കം കുറിച്ച യൂണിവേഴ്സിറ്റി ഓഫ് ദ തേഡ്

ഏജിൻറെ(യു3എ) പ്രവർത്തനം ഇനി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും. മാർച്ച് 11ന് സർവകലാശാലയിൽ പ്രവർത്തനമാരംഭിച്ച യു3എയ്ക്ക് ഉദ്ഘാടനച്ചടങ്ങുമുതൽ വൻ സ്വീകാര്യതയാണ് ലഭിച്ചത്.

ഇതേത്തുടർന്നാണ് രണ്ടു മാസത്തിനുള്ളിൽ എല്ലാ ജില്ലകളിലും യൂണിറ്റുകൾ ആരംഭിച്ച് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചത്. ഇന്നലെ(മെയ് 20) സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന സംസ്ഥാനതല നേതൃ സംഗമത്തിൽ മുന്നൂറോളം പേർ പങ്കെടുത്തു.

55 വയസ്സ് കഴിഞ്ഞവർക്ക് ഒത്തുചേരുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും ഊർജ്ജസ്വലമായി തുടരുന്നതിനുള്ള വേദിയാണ് യു3എ ഒരുക്കുന്നത്. ഇവരുടെ അറിവുകളും അനുഭവസമ്പത്തും നൈപുണ്യവും സമൂഹത്തിന് പ്രയോജനകരമായി പങ്കുവയ്ക്കാനും പുതിയ അറിവുകൾ സ്വന്തമാക്കാനും അവസരം ഉണ്ടാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

1973ൽ ഫ്രാൻസിൽ തുടക്കം കുറിച്ച് ഇപ്പോൾ ഇരുപതോളം രാജ്യങ്ങളിൽ സജീവമായ യു3എ ഒരു സർവകലാശാല കേന്ദ്രീകരിച്ച് തുടങ്ങുന്നതും അതിനു കീഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതും ഇന്ത്യയിൽ ഇതാദ്യമാണ്.

യു3എ സംഗമം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഡയറക്ടർ ഡോ. പി ടി ബാബുരാജ് അധ്യക്ഷനായിരുന്നു.

യൂ3എ ടുഡേ എന്ന ന്യൂസ് ലെറ്റർ അഡ്വാൻസ്ഡ് സെൻറർ ഫോർ എൻവയോൺമെൻറൽ സ്റ്റഡീസ് ഡയറക്ടർ പ്രഫ. ഡോ. എ.പി. തോമസ് പ്രകാശനം ചെയ്തു. യു3എ യുടെ യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഇൻറേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ് നിർവഹിച്ചു. കേരള സിനർജി മെൻറർ ഡോ. തോമസ് എബ്രഹാം സ്കൂൾ ഓഫ് ടൂറിസം ഡയറക്ടർ ഡോ. ടോണി കെ. തോമസ് എന്നിവർ സംസാരിച്ചു.

യു3എയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച ക്ലാസുകളും ചർച്ചകളും അംഗങ്ങളുടെ കലാപരിപാടികളും പരിപാടിയുടെ ഭാഗമായി നടന്നു.

**ഫോട്ടോ ക്യാപ്ഷൻ..**
മഹാത്മാ ഗാന്ധി സർവകലാശാലയിൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ സംസ്ഥാനതല നേതൃ സംഗമം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/539/2023)

## എം.ജി.സർവകലാശാലാ സിയറ്റ് പ്രോജക്ടിൽ റിസർച്ച് ഫെലോ

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും സിയറ്റ് ടയേഴ്സ് ലിമിറ്റഡും സംയുക്തമായി നടത്തുന്ന പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവിലേക്ക് ജൂൺ മൂന്നുവരെ അപേക്ഷിക്കാം.

റബറുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്പെഷ്യലൈസേഷനോടുകൂടി പോളിമെർ ടെക്നോളജിയിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. എം.ടെക് അഭികാമ്യം. നാനോമെറ്റീരിയൽസ് അല്ലെങ്കിൽ നാനോകമ്പോസിറ്റ് മേഖലയിൽ പ്രവൃത്തിപരിചയമോ അറിവോ ഉണ്ടായിരിക്കണം. ശമ്പളം 27000 രൂപയും എച്ച്.ആർ.എയും.

വിശദമായ ബയോ ഡേറ്റയും മാർക്ക് ഷീറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം sem@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്കാണ് അപേക്ഷ അയയ്ക്കേണ്ടത്. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തുക.

(പി.ആർ.ഒ/39/540/2023)

## എൽ.എൽ.ബി സ്പെഷ്യൽ കോംപ്രിഹെൻസീവ് വൈവാ വോസി

പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ, ബി.ബി.എ, ബി.കോം എൽ.എൽ.ബി(ഓണേഴ്സ്) കോഴ്സിൻറെ എക്സ്റ്റേണൽ, പ്രാക്ടിക്കൽ ഉൾപ്പെടെ എല്ലാ വിഷയങ്ങൾക്കും വിജയിച്ച് ഡിസംബർ 2022 പരീക്ഷയുടെ പത്താം സെമസ്റ്റർ കോംപ്രിഹെൻസീവ് വൈവ വോസിയിൽ മാത്രം പരാജയപ്പെട്ട 2017 അഡ്മിഷൻ വിദ്യാർഥികൾക്കായി സ്പെഷ്യൽ കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷ നടത്തും.

എൽ.എൽ.ബി കോഴ്സിൻറെ പ്രാക്ടിക്കൽ, എക്സ്റ്റേണൽ പരീക്ഷകൾ ഉൾപ്പെടെ എല്ലാ പേപ്പറുകളും വിജയിച്ചവർക്ക് പരീക്ഷയിൽ പങ്കെടുക്കാം.

വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ഓൺലൈനിൽ 7500 രൂപ ഫീസ് അടച്ച രസീതും സഹിതം മെയ് 26 വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/541/2023)

## എം.ബി.എ; സ്പെഷ്യൽ റീവാല്യുവേഷൻ

എം.ബി.എ 2019-2021 ബാച്ചിൽ ഒന്നും രണ്ടും സെമസ്റ്ററുകളിലെ എല്ലാ കോഴ്സുകളും സപ്ലിമെൻററി പരീക്ഷയിൽ വിജയിച്ച് സെമസ്റ്റർ വിജയിക്കുവാൻ വേണ്ട മിനിമം എസ്.ജി.പി.എ(SGPA - 5) നേടാൻ കഴിയാതിരുന്നവർക്ക് നിശ്ചിത ഫീസടച്ച് ഒന്നും രണ്ടും സെമസ്റ്റർ(നംബർ 2019, ജനുവരി 2021) റെഗുലർ പരീക്ഷകളുടെ സ്പെഷ്യൽ പുനർമൂല്യനിർണയത്തിന് അപേക്ഷ നൽകാം.

ഒരു പേപ്പറിന് 830 രൂപ നിരക്കിൽ ഫീസ് അടച്ച ഇ-രസീതും മാർക്ക് ഷീറ്റ് അല്ലെങ്കിൽ ഹാൾ ടിക്കറ്റിൻറെ പകർപ്പം ജൂൺ മൂന്ന് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/542/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജൂൺ 12 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ഡോക്യുമെൻറേഷൻ (2021 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ സെക്കൻറ് മെഴ്സി ചാൻസ്), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെൻറേഷൻ (2011 മുതൽ 2015 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2009,2010 അഡമിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ ഒന്നു വരെ ഫീസടച്ച് അപേക്ഷ നൽകാം. ജൂൺ രണ്ടിനു ഫൈനോടു കൂടിയും ജൂൺ മൂന്നിന് സൂപ്പർഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/543/2023)

## പ്രാക്ടിക്കൽ

2023 ഏപ്രിലിൽ വിജ്ഞാപനം പുറപ്പെടുവിച്ച അഞ്ചാം സെമസ്റ്റർ ബി.എഫ്.ടി, ബി.എസ്.സി അപ്പാരൽ ആൻറ് ഫാഷൻ ഡിസൈൻ മോഡൽ 3 (സ്പെഷ്യൽ സപ്ലിമെൻററി - 2020 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർഥികൾക്കുള്ളത് - ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 25 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/544/2023)

## വൈവ വോസി

മൂന്നാം സെമസ്റ്റർ എം.എസ്.സി ഡാറ്റ അനലിറ്റിക്സ്(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഫെബ്രുവരി 2023) പരീക്ഷയുടെ ഇൻറേൺഷിപ്പ് വൈവ വോസി പരീക്ഷ മെയ് 25, 26 തീയതികളിൽ അതത് കോളജുകളിൽ നടത്തും.

(പി.ആർ.ഒ/39/545/2023)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി(ഓണേഴ്സ് - 2020 അഡ്മിഷൻ റഗുലർ - ജൂൺ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ മൂന്നു വരെ ഫീസടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.........................

രണ്ടാം സെമസ്റ്റർ എം.എ ഹിന്ദി (പി.ജി.സി.എസ്.എസ് - റഗുലർ, ഇംപ്രൂവ്മെൻറ്, സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ മൂന്നു വരെ ഓൺലൈനിൽ ഫീസടച്ച് അപേക്ഷിക്കാം.

.........................

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ ഫുഡ് ആൻറ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി(പി.ജി.സി.എസ്.എസ് - റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ മൂന്നു വരെ ഓൺലൈനിൽ ഫീസടച്ച് അപേക്ഷിക്കാം.

.................................

2022 സെപ്റ്റംബറിൽ നടന്ന ബി.ടെക് ഒന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ(2010 വരെയുള്ള അഡ്മിഷനുകൾ സപ്ലിമെൻററി,മെഴ്സി ചാൻസ് - സെപ്റ്റംബർ 2020) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ ഏഴു വരെ ഫീസടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

..................................

മൂന്നാം വർഷ ബാച്ച്ലർ ഓഫ് ഫിസിയോതെറാപ്പി(2008 മുതൽ 2013 വരെ അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജുൺ മൂന്ന് വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

....................

2022 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ മൂന്നു വരെ ഓൺലൈനിൽ ഫീസടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/546/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**